**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2581** **06-10-2025-ൽ മറുപടിയ്ക്ക്**

**ആക്രി കച്ചവടത്തിന്റെ മറവിലെ ജി. എസ്. ടി. വെട്ടിപ്പ് തടയാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ജെ. മാക്സി ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. ജെ. മാക്സി (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് ആക്രി കച്ചവടത്തിന്റെ മറവിൽ ജി. എസ്. ടി. വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ വ്യാജ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഓപ്പറേഷൻ "പാം-ട്രീ" എന്ന പേരിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം ആക്രി കച്ചവട കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിൽ പ്രഥമ ദൃഷ്ടിയാൽ 209 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയത്. 1.89 കോടി രൂപയുടെ നികുതി പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ "പാം-ട്രീ" യുമായി ബന്ധപ്പെട്ട 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഓപ്പറേഷനുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു പോരുന്നു.

**(ബി)** ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം ജില്ലകളിൽ ജി. എസ്. ടി. എൻഫോഴ്സ്മെന്റ് - ഇന്റലിജൻസ് വിഭാഗങ്ങൾ പരിശോധന നടത്തിയിട്ടുണ്ട്; ഓരോ ജില്ലയിലും എത്ര തുകയുടെ തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്; ഇതിനെതിരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ വ്യാജ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഓപ്പറേഷൻ "പാം-ട്രീ" എന്ന പേരിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം ആക്രി കച്ചവട കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിൽ പ്രഥമ ദൃഷ്ടിയാൽ 209 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയത്. 1.89 കോടി രൂപയുടെ നികുതി പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ "പാം-ട്രീ" യുമായി ബന്ധപ്പെട്ട 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഓപ്പറേഷനുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു പോരുന്നു.

ഓപ്പറേഷൻ 'പാം-ട്രീ" യുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ നടത്തിയ പരിശോധനകൾ, ജില്ല, എണ്ണം എന്ന ക്രമത്തിൽ ചുവടെ ചേർക്കുന്നു.

ആലപ്പുഴ-1, എറണാകുളം-7, കണ്ണൂർ-1, കൊല്ലം-10, കോട്ടയം-1, കോഴിക്കോട്-11, മലപ്പുറം-6, പാലക്കാട്-32, പത്തനംതിട്ട-3, തിരുവനന്തപുരം-6, തൃശ്ശൂർ-6, വയനാട്-1.

പ്രസ്തുത ജില്ലകളിൽ വ്യാജ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടു ഓപ്പറേഷൻ "പാം-ട്രീ" എന്ന പേരിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെൻറ്റ് വിഭാഗം ആക്രി കച്ചവട കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിൽ പ്രാഥമിക വിലയിരുത്തലിൽ 1,170 കോടി രൂപയുടെ വ്യാജ ഇടപാടുകൾ നടന്നതായി കണ്ടെത്തിയിരുന്നു. നാളിതുവരെ നടപടി പൂർത്തിയായതിൽ നിന്ന് 912.40 കോടി രൂപയുടെ വ്യാജ ഇടപാടുകളും 142.58 കോടി രൂപയുടെ നികുതി വെട്ടിപ്പും കണ്ടെത്തി. ഇതിനകം 3.74 കോടി രൂപ നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഓപ്പറേഷൻ "പാം-ട്രീ" യുമായി ബന്ധപ്പെട്ട് മൂന്ന് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നികുതി വെട്ടിപ്പ് കണക്കാക്കാനുള്ള നിയമാനുസൃതമായ തുടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

**(സി)** ഇതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും പരിശോധന ശക്തമാക്കി വെട്ടിപ്പ് തടയാൻ സ്വീകരിച്ചുവരുന്ന തുടർ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

**മറുപടി:** എല്ലാ ജില്ലകളിലെയും എൻഫോഴ്‌സ്‌മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുകയും 24 മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്‌സ്‌മെന്റ് വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടു കെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുന്നു. ഇതു കൂടാതെ വാഹന പരിശോധനയിൽ കണ്ടെത്തുന്ന തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.

എല്ലാ ജില്ലകളിലെയും ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച് / ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**